എന്നൊക്കെ മാത്രമേ ഇവർക്ക് വിചാരമുള്ളൂ. രാജ്യം തീറെഴുതുന്ന, വളരെ തെറ്റായ നടപടികളാണ് ഈ ഗവൺമെൻറ് സ്വീകരിച്ചിട്ടുള്ളത്. അതിൽ പ്രതിഷേധിച്ച് ഞങ്ങൾ വാക്കൗട്ട് ചെയ്യുന്നു.

(ശ്രീ. ബേബി ജോണും അദ്ദേഹത്തിൻെറ പാർട്ടിയിലെ അംഗങ്ങളും സഭ വിട്ടിറങ്ങിപ്പോയി).

ശ്രീ. കെ. ചന്ദ്രശേഖരൻ : സർ, ഈ രാജ്യത്തിൻെറ കുത്തഴിഞ്ഞ സ്ഥിതിയെ പലപ്പോഴും കേന്ദ്രഗവൺമെൻറിനുപോലും നിയന്ത്രിക്കാൻ സാധിക്കുന്നില്ലെന്നുള്ളതിൻെറ പ്രകടമായ ഉദാഹരണമാണ് ഇവിടെ കാണുന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി സ്വീകരിച്ചിട്ടുള്ള വാദഗതിയും അദ്ദേഹത്തിൻെറ നിഗമനവും തെറ്റും അബദ്ധവുമാണ്. അദ്ദേഹം പറഞ്ഞു ഇത് ഉദ്യോഗസ്ഥൻമാരുടെ തെറ്റാണ് എന്ന്. ഉദ്യോഗസ്ഥൻമാരുടെമേൽ പഴിചാരുന്നത് ശരിയാണെന്ന് എനിക്ക് തോന്നുന്നില്ല. ഈ രാജ്യത്തിലെ ഗവൺമെൻറിൻെറ പ്രവർത്തനങ്ങളുടെ ഉത്തരവാദിത്വം ഈ ഗവൺമെൻറ് ഏറ്റെടുക്കേണ്ടതാണ്. ഈ ഗവൺമെൻറിന് തെറ്റ് പറ്റിയിട്ടും തെറ്റ് പറ്റിയെന്നു പറയുന്നതിനുപകരം ഏതെങ്കിലും ഉദ്യോഗസ്ഥൻമാർ തെറ്റ് ചെയ്തുവെന്നു പറയുന്നത് അപകടകരമായ പ്രവണതയാണ്. തീർച്ചയായിട്ടും അത് തെറ്റാണ്. എന്താണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി അവസാനമായി പറഞ്ഞത് ? അന്വേഷിച്ച് അതിനെപ്പറ്റി പറയാമെന്ന് വളരെ ശക്തമായ ഭാഷയിൽ അദ്ദേഹം പറഞ്ഞു. ഇതിനെപ്പറ്റി ആര് അന്വേഷിക്കും. ആരാണ് കുറ്റക്കാരൻ ? സംസ്ഥാന ഗവൺമെൻറാണ് ഇതിൻെറ കുറ്റക്കാർ. കുറ്റക്കാർ കുറ്റക്കാരെപ്പറ്റി അന്വേഷിക്കുമോ ? സംസ്ഥാന ഗവൺമെൻറിൻെറ ഈ കുറ്റത്തെപ്പറ്റി കേന്ദ്ര ഗവൺമെൻറ് അടിയന്തിരമായി അന്വേഷിച്ചേ മതിയാകൂ. ഈ സംസ്ഥാന ഗവൺമെൻറ് രാജ്യദ്രോഹികളെ സഹായിക്കുകയും പിന്തുണയ്ക്കുകയും ചെയ്തതിൻെറ പേരിൽ ഈ സംസ്ഥാന ഗവൺമെൻറിനെ പിരിച്ചുവിടണമെന്ന് ആവശ്യപ്പെടാൻ ഈ സഭയ്ക്ക് അധികാരമുണ്ട്. ആ കാര്യമാണ് ഞങ്ങൾ ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ടത്. ചർച്ചയ്ക്കെതിരായിട്ടുള്ള ഈ ഗവൺമെൻറിൻെറ നടപടിയിൽ പ്രതിഷേധിച്ച് ഞങ്ങൾ വാക്കൗട്ട് ചെയ്യുന്നു.

(ശ്രീ. കെ. ചന്ദ്രശേഖരനും അദ്ദേഹത്തിൻെറ പാർട്ടിയിലെ അംഗങ്ങളും സഭ വിട്ടിറങ്ങിപ്പോയി)

III വ്യക്തിപരമായ വിശദീകരണം

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി : സർ, എനിക്ക് ഇന്ന് പ്രസംഗിക്കുവാൻ സമയമുള്ളതുകൊണ്ട് വളരെ ദീർഘമായി ഞാൻ സംസാരിക്കുന്നില്ല. ഞാൻ ഒരു ജനപ്രതിനിധിയാണ്. ഉദ്യോഗസ്ഥതലത്തിലുള്ള മെഷിനറിയൊന്നും ഇല്ലാത്തയാളാണ്. എന്നാലും ചില വ്യക്തികൾ, ഇവിടെ എയർപോർട്ടിൽ വന്നിറങ്ങി. അവരുടെ കൂട്ടത്തിൽ യു. എ. ഇ. പ്രസിഡൻറും അവിടത്തെ രാഷ്ട്രത്തലവൻെറ അഡൈ്വസറും ഉണ്ടായിരുന്നു. മറ്റൊരാൾ അവിടത്തെ മുൻവിദ്യാഭ്യാസമന്ത്രിയാണ്. അതിനെക്കുറിച്ച്

..... (ബഹളം) .....

ശ്രീ. കെ. പങ്കജാക്ഷൻ : ഇത് തെറ്റായ കീഴ്വഴക്കമാണ്. ഇത് അനുവദിക്കരുത്.

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ : ഇത് ഒരു തെറ്റായ കീഴ്വഴക്കമല്ല .....
.....(ബഹളം).....

ശ്രീ. ബേബി ജോൺ : സർ, ചട്ടങ്ങളനുസരിച്ച് അങ്ങയ്ക്ക് ഇതിൽ നടപടി സ്വീകരിക്കാം. ഇവിടത്തെ പ്രശ്നം നമ്മുടെ സംസ്ഥാനത്ത് മാത്രമായി ഒതുങ്ങി നിൽക്കുന്നില്ല. നമ്മുടെ രാജ്യത്തെ ബാധിക്കുന്ന പ്രശ്നമാണിത്. രാജ്യത്തിന്റെ നടപടിക്രമങ്ങളേയും ചട്ടങ്ങളേയും ലംഘിക്കുന്ന ഒരു പ്രശ്നമാണിത്. സ്വാഭാവികമായും അതിനെ സംബന്ധിച്ച് ചർച്ച നടത്താനുള്ള അവസരം മുഖ്യമന്ത്രി ഉണ്ടാക്കുമെന്നായിരുന്നു ഞങ്ങളുടെ പ്രതീക്ഷ. രാജ്യത്തെ പൊതുവായി ബാധിക്കുന്ന കാര്യമാണ്. എല്ലാ വസ്തുതകളും നിരത്തിവച്ചുകൊണ്ട് ഒരു നിഗമനത്തിൽ എത്താമായിരുന്നു. നിർഭാഗ്യവശാൽ അതിനുള്ള അവസരം ഉണ്ടായില്ല. ഓരോ അംഗങ്ങളും ഇങ്ങനെ പറയുന്നതിനെക്കാൾ നല്ലത് അതായിരുന്നു. അടിയന്തിര പ്രമേയത്തിന്റെ ചർച്ച അനുവദിച്ചില്ലെങ്കിൽതന്നെയും സഭാ നേതാവുമായിട്ട് ആലോചിച്ചു ഇക്കാര്യം നമുക്ക് പ്രത്യേകമായി ചർച്ച ചെയ്യാം. അതിന് അവസരം ഉണ്ടാക്കണം.....(ബഹളം).....

ശ്രീ. എ. സി. ഷൺമുഖദാസ് : ശ്രീ. ബേബി ജോൺ വച്ച നിർദ്ദേശത്തെക്കുറിച്ച് സഭാ നേതാവ് ഒന്നും പറഞ്ഞില്ല..... (ബഹളം)..... ഇവിടെ പ്രധാനപ്പെട്ട രണ്ടുമൂന്ന് മന്ത്രിമാരുണ്ട് അവർക്ക് അഭിപ്രായം പറയാൻ അവകാശമുണ്ട്. അതുകൊണ്ടാണ് ചർച്ച വേണമെന്ന് പറയുന്നത്. അടിയന്തിര പ്രമേയത്തിന്റെ ചർച്ച ഇപ്പോഴുതന്നെ വേണമെന്നില്ല. വേറൊരു സമയമായാലും മതി.....(ബഹളം).....

മി. സ്പീക്കർ : നമ്മൾ ഒരിക്കലും ശക്തമായ വികാരപ്രകടനത്തിന്
.....(ബഹളം).....
ശ്രീ. പങ്കജാക്ഷൻ, അങ്ങ് ഒരു കക്ഷിനേതാവാണ്, അങ്ങ് ദയവായി ഇരിക്കണം. അങ്ങ് വളരെ പരിചയസമ്പന്നനായ മെമ്പറാണ്. സഭയ്ക്കകത്ത് വളരെ വികാരപരമായ പ്രശ്നങ്ങളും വരും.....(ബഹളം)..... തീർച്ചയായിട്ടും ഈ സഭയിലെ ഏതെങ്കിലും ഒരു അംഗത്തെ സംബന്ധിച്ച എന്തെങ്കിലും ഒരു പരാമർശം വന്നാൽ ആ അംഗത്തിന് ഒരു പേഴ്സണൽ എക്സ്പ്ലനേഷനു അവസരം കൊടുക്കുക എന്നുള്ളതു That is within his legitimate right.....(ബഹളം)..... അത് ഏതു ഭാഗത്തുള്ള അംഗമായാലും ആ അംഗത്തിന്റെ ലെജിറ്റിമേറ്റ് റൈറ്റാണ്.....(ബഹളം)..... റൂൾ 288 അനുസരിച്ച് ഏതു പാർട്ടിയിലെ മെമ്പറായാലും, ഈ സഭയിലെ ഒരംഗം പേഴ്സണൽ എക്സ്പ്ലനേഷൻ ആവശ്യപ്പെട്ടാൽ അതനുവദിക്കുക എന്നുള്ളതു ചെയറിന്റെ ലെജിറ്റിമേറ്റായിട്ടുള്ള അവകാശമാണ്; അത് ഉന്നയിക്കുന്നതിനുള്ള അവകാശം ബഹുമാനപ്പെട്ട അംഗത്തിനുണ്ട്. ആ അവകാശം സഭയിലെ ഏതൊരംഗത്തിനേയും ചട്ടപ്രകാരമുള്ള അവകാശമാണ്.....(ബഹളം)..... അതുകൊണ്ട് ഈ സഭയിലെ ഒരംഗത്തിന്റെ അവകാശം സംരക്ഷിക്കാനുള്ള ബാദ്ധ്യത ചെയറിനുണ്ട്. ശ്രീ. ഷൺമുഖദാസ് ഈ സീറ്റിലിരുന്നാലും മറിച്ചു തീരുമാനിക്കാൻ കഴിയുകയില്ല. ബഹുമാനപ്പെട്ട പങ്കജാക്ഷൻ ഈ സീറ്റിലിരുന്നാലും മറിച്ചുപറയാൻ കഴിയുകയില്ല.....ബഹളം..... ഇതൊന്നും ഈ സഭയിൽ പുതിയ കാര്യങ്ങളല്ല. എത്രയോ വർഷങ്ങളായി

LIBRARY ARCHIVES Kerala Legislative Assembly

നടക്കുന്നതാണ്. ഇതൊരു പുതിയ കാര്യമല്ലെന്ന് ശ്രീ. ബേബി ജോൺ, അങ്ങേയ്ക്കുതന്നെ അറിയാമല്ലോ.

ശ്രീ. ബേബി ജോൺ : സർ, അടിയന്തിരപ്രമേയം അങ്ങ് റൂളൗട്ട് ചെയ്തു. ഞാൻ ഒരപേക്ഷ സഭാനേതാവിന്റെ മുമ്പിൽ വച്ചു. വളരെ പ്രധാനപ്പെട്ട കാര്യമെന്നുള്ള നിലയിൽ അടിയന്തിരപ്രമേയത്തിന്റെ രോഗമായിട്ടുവേണ്ട, പലർക്കും സംസാരിക്കാൻ ഉണ്ടെന്നുള്ളതുകൊണ്ട്, അങ്ങ് അതിന് സൗകര്യം കൊടുത്തു ; അങ്ങ് മുൻകയ്യെടുത്ത് നമുക്കൊന്നു ചർച്ച ചെയ്യാം. നമുക്ക് അതിന്റെ വിശദാംശങ്ങൾ മനസ്സിലാക്കാം. ഇത് ഈ രാജ്യത്തുമാത്രം ഒതുങ്ങിനിൽക്കുന്നതല്ല.

മി. സ്പീക്കർ : ഇത് അടിയന്തിര പ്രമേയത്തിന്റെ രോഗമായിട്ടല്ല ; പേഴ്സണൽ എക്സ്പ്ലനേഷൻ അനുവദിക്കുന്നത് അടിയന്തിരപ്രമേയത്തിന്റെ രോഗമല്ല.....(ബഹളം).....

ശ്രീ. ബേബി ജോൺ : ഇത് അടിയന്തിരപ്രമേയത്തിന്റെ രോഗമാണെന്നു ഞാൻ പറയുന്നില്ല. എനിക്ക് ഒരു അഭ്യർത്ഥന മുഖ്യമന്ത്രിയോടുള്ളത് ഈ വിഷയത്തിന്റെ ഗൗരവം മനസ്സിലാക്കി അടിയന്തിരപ്രമേയത്തിന്റെ രോഗമായിട്ടല്ലാതെ നമ്മുടെ സംസ്ഥാനത്തിന്റെയും രാജ്യത്തിന്റെയും പൊതു പ്രശ്നം എന്നുള്ള നിലയിൽ അതിന്റെ വിശദാംശം നമുക്കൊന്നു ചർച്ച ചെയ്ത് ഒരു അഭിപ്രായത്തിൽ എത്താൻ ഒരവസരം ഉണ്ടാക്കണം. സഭാനേതാവുകൂടിയായ മുഖ്യമന്ത്രി അതിനു തയ്യാറാകണം. ഉച്ച കഴിഞ്ഞുവേണമെങ്കിലും ഇരിക്കാം. രാജ്യരക്ഷയെ ബാധിക്കുന്ന ഒരു കാര്യമാണിത്. അതിനൊരു അവസരം ഉണ്ടാക്കണം.

മി. സ്പീക്കർ : അവർക്ക് പേഴ്സണൽ എക്സ്പ്ലനേഷൻ അനുവദിച്ചത് അടിയന്തിരപ്രമേയത്തിന്റെ രോഗമായിട്ടല്ല.....ബഹളം.....

ശ്രീ. ടി. പി. പീതാംബരൻ മാസ്റ്റർ : ചർച്ച വേണമെന്ന് ആവശ്യപ്പെട്ട കാര്യത്തിൽ പേഴ്സണൽ എക്സ്പ്ലനേഷൻ അനുവദിച്ചതുകൊണ്ടാണ് ചർച്ച വയ്ക്കേണ്ടി വരുന്നത്.....(ബഹളം).....

മി. സ്പീക്കർ : നിയമസഭയിൽ ഇതു പുതിയ സംഭവമൊന്നുമല്ലല്ലോ. എത്രയോ കാലമായിട്ടുള്ള.....(ബഹളം).....

ശ്രീ. എ. സി. ഷൺമുഖദാസ് : ഇത് ആദ്യമായാണ്.....(ബഹളം).....

മി. സ്പീക്കർ : ശ്രീ. കുഞ്ഞാലിക്കുട്ടിക്കു പറയാനുള്ളത് ചുരുക്കം വാക്കുകളിൽ പറയണം.....(ബഹളം).....

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി : സർ, ഇവിടെ ഗാലറിൽനിന്ന് ധാരാളം ആളുകൾ വരാറുണ്ട്. ഇതിൽ ഏതെങ്കിലും ആളുകളെക്കുറിച്ച് എന്തെങ്കിലും റഫറൻസ് ഉള്ളതായി എനിക്ക് അറിഞ്ഞുകൂടാ. അതുകൊണ്ട് ബോധപൂർവ്വം ഞാൻ ഒരു തെറ്റും ചെയ്തിട്ടില്ല.....(ബഹളം).....

ശ്രീ. നാലകത്ത് സൂപ്പി : സർ, കുവൈറ്റിലെ രണ്ട് അറബികൾ പ്രയർ സാംഗ്ഷൻ വാങ്ങിച്ചില്ല എന്നുള്ള വസ്തുത ഞങ്ങൾക്കോ ഞങ്ങ

LIBRARY ARCHIVES Kerala Legislative Assembly

ളുടെ ആരംക്കാർക്കോ അറിയില്ല. അവർ ഏതാനും പൊതുപരിപാടികളിൽ പങ്കെടുക്കാൻ മുൻകാലങ്ങളിൽ വന്ന രീതിയിൽ ഇപ്പോഴും വന്നതാണ്. ഒരു സ്റ്റേറ്റ് കാറിൽ ഫ്ളാഗ് ഉപയോഗിച്ചതായി ശ്രദ്ധയിൽ പെട്ടിട്ടില്ല. ഈ കാര്യത്തെ സംബന്ധിച്ചിടത്തോളം ഇങ്ങനെയൊരു വിവാദം ഉണ്ടായതു ദൗർഭാഗ്യകരമായിപ്പോയി എന്നാണ് എന്റെ അഭിപ്രായം. ഈ രാജ്യത്ത് അറബികൾ വരാറുണ്ട്, പല പരിപാടികളിലും പങ്കെടുക്കാറുണ്ട്. അപ്പുറത്തിരിക്കുന്നവരും ഇപ്പുറത്തിരിക്കുന്നവരും സഹകരിച്ചുതന്നെ അവർക്ക് വിരുന്ന് നൽകാറുണ്ട്. അതുപോലെതന്നെ ഇവിടെനിന്നു പല മന്ത്രിമാരും എം. എൽ. എ.മാരും അറബിരാജ്യങ്ങളിലേക്ക് പോകാറുണ്ട്. ഞങ്ങളെ ബന്ധപ്പെടുത്തി പറഞ്ഞ ഈ പരാമർശങ്ങൾ ഖേദകരമായിപ്പോയി. അത് പിൻവലിക്കണമെന്നു ഞാൻ അഭ്യർത്ഥിക്കുകയാണ്.

ശ്രീ. എ. സി. ഷൺമുഖദാസ് : സർ, ഒരു പോയിന്റ് ഓഫ് ഓർഡർ റൂൾ 288 പ്രകാരം അങ്ങു ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി, ശ്രീ. നാലകത്ത് സൂപ്പി എന്നിവർക്ക് പേർസണൽ എക്സ്പ്ലനേഷന് അവസരം കൊടുത്തു. എന്നാൽ ഒരാളിന്റെ പ്രസംഗം കേട്ടു. അത് അദ്ദേഹവുമായി ബന്ധപ്പെട്ട കാര്യമല്ല. അതിൽ പറഞ്ഞിരിക്കുന്നത് സ്റ്റേറ്റ് കാറിൽ കൊടി ഉപയോഗിച്ചിട്ടില്ലെന്നാണ്.....(ബഹളം).....

മി. സ്പീക്കർ : അവരെ ബാധിക്കുന്ന കാര്യം മാത്രമേ പറയുകയുള്ളൂ.

ശ്രീ. എ. സി. ഷൺമുഖദാസ് : സർ, സ്റ്റേറ്റ് കാറിൽ കൊടി ഉപയോഗിച്ചിട്ടില്ല എന്നാണ് പറഞ്ഞത്. ഡിബേറ്റ് നടന്നുകഴിഞ്ഞു.....(ബഹളം).....ആ ഭാഗങ്ങൾ ഡിലീറ്റ് ചെയ്യണം. അങ്ങ് രേഖ പരിശോധിക്കണം.

IV ശ്രദ്ധ ക്ഷണിക്കൽ

1 കുന്നത്തറ ടെക്സ്റ്റൈൽസ്

ശ്രീ. എ. സി. ഷൺമുഖദാസ് : സർ, കോഴിക്കോട്ടു ജില്ലയിലെ 600-ഓളം കുടുംബങ്ങൾ 1974-ൽ സ്വയം തൊഴിൽ കണ്ടെത്തുന്നതിനുവേണ്ടി 5000 രൂപ വീതം കടമെടുത്ത് തുടങ്ങിയതാണ് കുന്നത്തറ ടെക്സ്റ്റൈയിൽസ്. കുറെ ആളുകൾക്കെങ്കിലും സ്വയം തൊഴിൽ കണ്ടെത്തുന്നതിനുള്ള ഒരു മാർഗ്ഗമാകുമെന്നു പ്രതീക്ഷിച്ചിരുന്ന ഒരു സ്ഥാപനമായിരുന്നു കുന്നത്തറ ടെക്സ്റ്റൈയിൽസ്. കുറേക്കാലമായി നമ്മുടെ നാട്ടിലെ സ്ഥിതി വച്ചുകൊണ്ടു പറയുകയാണെങ്കിൽ ഈ സ്ഥാപനത്തിന്റെ തുടക്കം മുതൽ ബാലാരിഷ്ടതകൾ പിന്നിട്ടുകൊണ്ട് മുന്നോട്ടു കൊണ്ടുപോകുകയായിരുന്നു. 1979-ൽ ഇതിന്റെ പ്രവർത്തനം തുടങ്ങി. 1982-ൽ വീണ്ടും ഈ സ്ഥാപനത്തിന് സാമ്പത്തിക പ്രശ്നങ്ങളുണ്ടായി. അതിനുശേഷം അവിടത്തെ തൊഴിലാളികളുടെ താൽപ്പര്യവും ആ സ്ഥാപനത്തിന്റെ താൽപ്പര്യവും സംരക്ഷിക്കാൻ പ്രതിജ്ഞാബദ്ധമാണെന്നുള്ള രീതിയിൽ ഗവൺമെന്റ് റിലീഫ് അണ്ടർ ടേക്കിംഗ് ആക്ട് പ്രകാരം ഈ സ്ഥാപനം ഏറ്റെടുത്തു. കഴിഞ്ഞ 10 വർഷക്കാലത്തിനിടയിൽ 2 വർഷം ഒരു കാര്യവുമില്ലാതെ പൂർണ്ണസേവനം നടത്തിക്കൊണ്ട് അവർ ജോലി ചെയ്തു. ഒരുപക്ഷേ കേരളത്തിലെ മറ്റൊരു തൊഴിലാളികളും ഇത്തരത്തിലുള്ള ത്യാഗപൂർണ്ണമായ പ്രവർത്തനം ചെയ്തതായി അറിവില്ല. 1979 മുതൽ നാമമാത്രമായ കൂലിയിൽ അവർ ജോലി ചെയ്യുകയാണ്. കോഴിക്കോട്ടു ജില്ല

LIBRARY ARCHIVES Kerala Legislative Assembly